2016. 17

1962ൽ ആരംഭിച്ച ഈ വിദ്യാലയം ഹരിജന
ക്ഷേമ വകുപ്പിന്റെ കീഴിലാണ് പ്രവർത്തനം
ആരംഭിച്ചത്. ഇന്നാട്ടിലെ നിർധനരായ വിദ്യാർത്ഥി
കളുടെ പ്രാഥമികവിദ്യാഭ്യാസ സമ്പാദനത്തിനു
ഉള്ള ഏക ആശ്രയമായിരുന്നു ഈ വിദ്യാലയം.
കുറച്ചു വർഷങ്ങൾക്കു ശേഷം ഇത് സർക്കാർ
ഏറ്റെടുക്കുകയും പഞ്ചായത്ത്രാജ് നിയമം
നടപ്പിലായതോടെ ഇതിന്റെ ചുമതലകൾ
ഭാഗികമായി ഗ്രാമപഞ്ചായത്തിനു നൽകുകയും
ചെയ്തു. തുടർന്ന് രക്ഷിതാക്കളുടെയും അധ്യാ
പകരുടെയും SSA, പഞ്ചായത്ത് എന്നിവ
യുടെയും കൂട്ടായ പ്രവർത്തനഫലമായി
സ്ഥിരമായ 2 കെട്ടിടങ്ങളും ആവശ്യത്തിന
പഠനോപകരണങ്ങളും ഇവിടെ ലഭ്യമായി.
ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ
പണിതീർത്ത നല്ലൊരു ഓഫീസ് കെട്ടിടം
ഈ വിദ്യാലയത്തിനുണ്ട്.

കുട്ടികൾക്ക് കമ്പ്യൂട്ടർപഠനം

Scanned by CamScanner

ലഭ്യമാക്കാനായി MP ഫണ്ടിൽ നിന്നു ഒരു കമ്പ്യൂട്ടർ ലഭിച്ചു. ഇപ്പോൾ അതു പ്രവർത്തനരഹിതമാണ്. 2005 ആഗസ്റ്റ് മാസത്തിലാണ് ഈ വിദ്യാലയം വൈദ്യുതീകരിച്ചത്.

വായിച്ചു വളരുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ സ്കൂൾ ലൈബ്രറി നവീകരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികളും അധ്യാപകരും കൂടി 65-ഓളം പുസ്തകങ്ങൾ ശേഖരിച്ചു. ഇപ്പോൾ 867 പുസ്തകങ്ങളാണ് ലൈബ്രറിയിലുള്ളത്. 2006ൽ കാലടി സാമി ശങ്കരകേന്ദ്രത്തിന്റെ സംഭാവനയായി 5 പത്രങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കി. വായനക്കുറിപ്പിന്റെ ഉദ്ഘാടനം സ്വാമി ശങ്കരകേന്ദ്രം ഡയറക്ടർ നിർവ്വഹിക്കുകയും ചെയ്തു. ഇന്ന് 5 മാതൃഭൂമി ദിനപ്പത്രവും 10 മനോരമ ദിനപ്പത്രവും കുട്ടികൾക്ക് ലഭ്യമാകുന്നുണ്ട്.

ഇന്ന് ~~ഫണ്ട്~~ എൻഡോവ്മെന്റ്

Scanned by CamScanner

കളാണ് ഇപ്പോൾ നിലവിലുള്ളത്.
A. വേലായുധൻ മാസ്റ്റർ എൻഡോവ്മെന്റ്, M.P. യശോധര എൻഡോവ്മെന്റ്, മുൻ. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രാധാകൃഷ്ണൻ ചെങ്ങാട്ട് എൻഡോവ്മെന്റ്.

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (SMC), PTA, MPTA, NFPTA എന്നിവ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. വിവിധതരം ക്ലബ്ബുകൾ ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ദേശീയ പ്രാധാന്യമുള്ള ദിനാചരണം, കലോത്സവം, സ്പോർട്സ്, പ്രവൃത്തിപരിചയമേള തുടങ്ങിയ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്യുന്നുണ്ട്. പഠനയാത്ര, സ്കൂൾ വാർഷികം ഇവ ഭംഗിയായി നടത്തിവരുന്നു.

മലയാറ്റൂർ - നീലീശ്വരം

പഞ്ചായത്ത്, SSA എന്നിവയുടെ സഹായത്തോടെ സ്കൂൾ കെട്ടിടം മോടി പിടിപ്പിച്ചിട്ടുണ്ട്. എല്ലാ ഭൗതിക സൗകര്യങ്ങളും ഈ വിദ്യാലയത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ഒരു കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവയും 31 പ്ലാസ്റ്റിക് കസേര, അലമാര (1) കസേര (2) , കമ്പ്യൂട്ടർ. ടേബിൾ (2) എന്നിവ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്.

Scanned by CamScanner